**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1238** **27-07-2021 - ൽ മറുപടിയ്ക്ക്**

**കോന്നി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോന്നി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (എ) | സ.ഉ. (സാധാ) നം. 349/2020/ഗതാ തീയതി 24.10.2020 ഉത്തരവ് പ്രകാരം കോന്നി കെ.എസ്.ആർ.ടി.സി ഡിപ്പോ നിർമ്മാണത്തിനായി ഭരണാനുമതി നൽകുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിലേക്ക് കെ.എസ്.ആർ.ടി.സി. 50 ലക്ഷം രൂപയുടെ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി സർക്കാരിൽ സമർപ്പിക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കോന്നി ഡിപ്പോയ്ക്ക് വേണ്ടി മുൻ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച മൂന്ന് കോടി രൂപ ഉപയോഗിച്ച് ബസ് സ്റ്റേഷൻ കെട്ടിടത്തിന്റെ പണികൾ പൂർത്തിയായിട്ടുണ്ട്. ഗ്യാരേജിന്റെ ഫിനിഷിംഗ് ജോലികൾ, വൈദ്യുതീകരണം ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. യാർഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കെ.എസ്.ആർ.ടി.സി.യുടെ Project Management Consultancy ആയ M/s. HLL Lifecare Ltd.നെ ഏർപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തി ചെയ്യുന്നതിന് 06.05.2021-ൽ തനതു ഫണ്ടിൽ ഉൾപ്പെടുത്തി 1,45,30,893/- രൂപയുടെ ഭരണാനുമതി കെ.എസ്.ആർ.ടി.സി. നൽകിയിട്ടുണ്ട്. പഞ്ചായത്ത് സ്ഥലം ഏറ്റെടുത്ത് നൽകുന്നതിലുള്ള സാങ്കേതിക തടസ്സം മൂലം യാർഡിന്റെ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. പഞ്ചായത്ത് സ്ഥലം ഏറ്റെടുത്ത് കെ.എസ്.ആർ.ടി.സി.യ്ക്ക് കൈമാറിയാൽ യാർഡിന്റെ പ്രവൃത്തി കൂടി പൂർത്തിയാക്കി ഡിപ്പോ ഉദ്ഘാടനത്തിന് സജ്ജമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ